# 6

# സാമൂഹികനീതിയും വിദ്യാഭ്യാസവും

പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന ലക്ഷ്യത്തിലാണ് നാം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസത്തിനു മാത്രമേ ഓരോ കുട്ടിയുടെയും സമ്പൂർണവികാസം അവരവരുടെ ജന്മാവകാശമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കഴിയുകയുള്ളൂ.

നമ്മുടേതുപോലുള്ള ഒരു ബഹുമുഖ സമൂഹത്തിൽ വൈവിധ്യം അനിവാര്യമാണ്. ഈ വൈവിധ്യത്തിന്റെ തനിമയെ അംഗീകരിച്ചും പോഷിപ്പിച്ചും കൊണ്ടുള്ള ഒരു സമതുലിത വിദ്യാഭ്യാസപ്രക്രിയ നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. അപ്പോൾ സവിശേഷമായി പരിഗണിക്കപ്പെടേണ്ട വിഭാഗമാണ് സാമൂഹികമായി വെല്ലുവിളിയനുഭവപ്പെടുന്ന കുട്ടികളും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളും. ഇവരാരൊക്കെയെന്ന് നോക്കാം:

- പെൺകുട്ടികൾ
- പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട കുട്ടികൾ
- കേൾവിക്കുറവുള്ളവർ
- കാഴ്ചക്കുറവുള്ള കുട്ടികൾ
- ചലനശേഷി കുറഞ്ഞവർ
- മനസികമായും ബുദ്ധിപരമായും വെല്ലുവിളികൾ നേരിടുന്നവർ
- ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ
- ബഹുവിധശാരീരികവെല്ലുവിളി അനുവഭിക്കുന്നവർ
- HIV ബാധിതർ
- HIV ബാധിതരായ രക്ഷിതാക്കളുടെ കുട്ടികൾ
- ഭാഷാന്യൂനപക്ഷങ്ങൾ
- തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ
- ലഹരിമരുന്നുകൾക്ക് അടിമപ്പെട്ടവർ
- മദ്യപാനികളുടെ മക്കൾ
- സാമൂഹികവും സാമ്പത്തികവുമായി ദുരിതം അനുഭവിക്കുന്നവർ
- നാടോടികൾ
- പലകാരണങ്ങളാൽ തടവിൽ കഴിയുന്ന കുട്ടികൾ

ഈ പട്ടിക ഇനിയും നീളാം.

ഈ വിഭാഗം കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരികവും മാനസികവും വൈകാരികവുമായ വെല്ലുവിളികൾ ബഹുവിധമാണ്. ഓരോ കുട്ടിയുടെ പ്രശ്നവും സവിശേഷമായേക്കാം.

എന്നിരുന്നാലും അവ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസത്തിലെ ലിംഗപരമായ പ്രശ്നങ്ങൾ (Gender Issues)

ലിംഗസമത്വം ഭരണഘടനാപരമായ അവകാശമാണ്. 1957 – ലെ വിദ്യാഭ്യാസ ബില്ലിനു ശേഷം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ മാറ്റം സ്ത്രീ വിദ്യാഭ്യാസത്തിലും പ്രതിഫലിച്ചു. 1966 – ലെ വിദ്യാഭ്യാസക്കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളാണ് വാസ്തവത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനും അതിലൂടെ ശാക്തീകരണത്തിനും അനുകൂലമായ നിലപാടുകൾ സ്വീകരിക്കാൻ ഇടയാക്കിയത്. എന്നിട്ടും ഏതു വികസന മാനദണ്ഡങ്ങൾ വച്ചു നോക്കിയാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെക്കാൾ മുന്നിലാണ്. കേരളത്തിലെ സ്ത്രീകളും പെൺകുട്ടികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നവയാണ്.

സ്ക്കൂളുകളിൽ എത്തുകയും പഠനം തുടരുകയും ചെയ്യുന്ന കാര്യത്തിൽ കേരളത്തിലെ പെൺകുട്ടികളുടെ എണ്ണം ആശാവഹമാണ്. ധാരാളം പേർ ഉയർന്ന ബിരുദങ്ങൾ സമ്പാദിക്കുന്നുമുണ്ട്. ഉയർന്ന തൊഴിൽ മേഖലകളിലും എത്തുന്നുണ്ട്. എന്നാൽ ഇവരുടെ സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലും പൊതുരംഗങ്ങളിലെ മുന്നേറ്റവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആനുപാതികമായി വളരെ കുറവാണ്. നമ്മുടെ സംസ്ക്കാരത്തിലലിഞ്ഞു ചേർന്നിരിക്കുന്ന ലിംഗവിവേചനം സ്ത്രീയെ രണ്ടാം തരക്കാരിയാക്കുന്നുവെങ്കിൽ കേരളത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ലിംഗസമത്വത്തിന്റെ കാഴ്ചപ്പാടിൽ നിന്നു പരിശോധിക്കപ്പെടേണ്ടതുണ്ട്. തികച്ചും ലിംഗനീതിയിലധിഷ്ഠിതമായ ഒരു സാമൂഹിക വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് വിദ്യാഭ്യാസം അതിനു യോജിച്ച തരത്തിൽ പരിഷ്കരിച്ചേ മതിയാകൂ.

**നേരിടേണ്ട പ്രശ്നങ്ങൾ**

- പെൺകുട്ടിയായതുകൊണ്ടുമാത്രം സമൂഹം കൽപിക്കുന്ന വേർതിരിവുകൾ, ജോലികൾ എന്നിവ
- ബോധനരീതിയിലെ പോരായ്മ മൂലം ഗുണപരമായ തുല്യത നടപ്പാക്കാൻ കഴിയായ്ക
- ആദിവാസി മേഖലകൾ, ചേരികൾ, തീരപ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പെൺകുട്ടികൾക്ക് കുറഞ്ഞ തോതിലെങ്കിലും പഠനം നിഷേധിക്കപ്പെടുന്ന അവസ്ഥ.
- അധ്യാപകരുടെ ലിംഗ വിവേചനപരമായ പെരുമാറ്റം

- ഗാർഹിക ജോലികൾ സ്ത്രീകൾക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന അവസ്ഥ
- തൊഴിൽമേഖലയിലെ പീഡനങ്ങൾ, വേതനവ്യത്യാസം, നേരത്തേയുള്ള വിവാഹം
- പെൺഭ്രൂണഹത്യ
- സ്ത്രീധന സമ്പ്രദായവും കുടുംബവഴക്കുകളും
- തങ്ങളുടെ ഇഷ്ടമനുസരിച്ച് പഠനം തുടരുന്നതിനുള്ള അവസരമില്ലായ്മ
- തീരുമാനമെടുക്കേണ്ട മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്
- ആത്മാഭിമാനത്തോടെ വളരാനും വികസിക്കാനുമുള്ള അവസരമില്ലായ്മ
- പെൺകുട്ടിയെന്ന വിവേചനാനുഭവത്തിന്റെ മുന്നിലെ അസന്ദിഗ്ദ്ധാവസ്ഥ (confusion) (വിവേചനം അനുഭവിക്കുന്നു എന്ന തിരിച്ചറിവില്ലായ്മ)

- തീരുമാനമെടുക്കൽ പ്രക്രിയയിലെ പങ്കാളിത്തമില്ലായ്മ
- അടിച്ചേല്പിക്കപ്പെടുന്ന സാമൂഹിക വ്യവഹാരങ്ങൾ (പെരുമാറ്റം, വസ്ത്രധാരണം)

**പാഠ്യപദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ**

- പാഠപുസ്തകത്തിൽ ലിംഗപരമായ സമത്വം എന്ന ആശയം പ്രതിഫലിക്കത്തക്ക വിധത്തിൽ ഉള്ളടക്കം, ഭാഷ, അവതരണം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ വേണം. ഇത് എല്ലാ വിഷയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ബാധകമാവണം.
- എല്ലാ ജോലികളും ആൺ പെൺ വ്യത്യാസമില്ലാതെ ചെയ്യേണ്ടതാണ് എന്ന ആശയം അനുഭവവേദ്യമാകാനുള്ള പ്രവർത്തനങ്ങൾ ചിത്രത്തിന്റെ സഹായത്തോടെയുണ്ടാവണം
- സ്ത്രീധനം, സ്ത്രീ വിവേചനം, പെൺകുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്നത് തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ അതിന് സാധ്യത കൂടുതലുള്ള വിഷയങ്ങളിൽ പ്രത്യേകിച്ചും സാമൂഹിക ശാസ്ത്രം, ശാസ്ത്രം എന്നിവയിൽ ഉൾക്കൊള്ളിക്കണം
- സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങൾ നിയമപരിരക്ഷ, തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഭാഗമാവണം
- വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള വനിതകൾ, സാധാരണ സ്ത്രീകൾ എന്നിവരുടെ പ്രവർത്തനമേഖല പരിചയപ്പെടാൻ അവസരമൊരുക്കണം.
- ശാസ്ത്രീയമായ ലൈംഗികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കണം. അത് ഓരോ ഘട്ടത്തിലും ആർജിക്കേണ്ട അറിവ്, കഴിവ്, നൈപുണി എന്നിവ നിശ്ചയിച്ച് പാഠ്യപദ്ധതിയിൽ വിന്യസിക്കണം.
- സ്കൂൾതലത്തിൽ കൗൺസലിംങ് അവസരം വേണം. ഓരോ കുട്ടിയുടെയും സഞ്ചിതാലേഖം ടീച്ചർ കൗൺസലർ സൂക്ഷിക്കണം.
- ലിംഗസമത്വം എന്ന ആശയം ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുപോലെ ബോധ്യപ്പെടുത്താനുള്ള സമീപനം വേണം.
- ലിംഗ അസമത്വം നിലനിൽക്കുന്ന മേഖലകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രോജക്ടുകൾ കുട്ടികൾക്ക് നല്കണം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിൽപരിശീലനം നിർബന്ധമാക്കണം. അതിൽ പരമ്പരാഗത തൊഴിൽവിഭജനം മറികടക്കണം. എല്ലാ തൊഴിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിർബന്ധമാക്കണം.
- പെൺകുട്ടികൾക്ക് നേതൃത്വഗുണത്തിനുള്ള അവസരങ്ങൾ ലഭിക്കുന്നതിനും വിമർശനപരമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ചർച്ചകൾ, പ്രോജക്ട്, പഠനയാത്ര, ക്ലബ്ബുകൾ പോലെയുള്ള പ്രവർത്തനങ്ങൾ ധാരാളമായുണ്ടാവണം.
- സ്കൂളിൽ എല്ലാത്തലങ്ങളിലും സഹവിദ്യാഭ്യാസം നിർബന്ധമാക്കണം. വിദ്യാലയാന്തരീക്ഷം ലിംഗസമത്വം ഉറപ്പുവരുത്തണം. അതിനനുയോജ്യമായ തരത്തിൽ ഇരിപ്പിടം, കൂട്ടായ പ്രവർത്തനങ്ങൾ, ചുമതലകൾ എന്നിവ ഉണ്ടാകണം.
- സ്കൂൾതലത്തിൽ വ്യായാമങ്ങൾ നിർബന്ധമാക്കുന്നത് ശാരീരിക, മാനസിക, വൈകാരിക അവസ്ഥ മെച്ചപ്പെടുന്നതിനും ആരോഗ്യത്തിനും സഹായകമായിരിക്കും.
- അധ്യാപക വിദ്യാർത്ഥികൾക്ക് ലിംഗനീതി ആഴത്തിൽ പഠിക്കുന്നവിധം കരിക്കുലം രൂപപ്പെടണം. ടി.ടി.സി, ബി.എഡ് കോഴ്സുകൾ ഇത്തരത്തിൽ പരിഷ്കരിക്കണം.

- അധ്യാപകപരിശീലന പരിപാടിയിൽ ലിംഗസമത്വം നടപ്പാക്കാനുതകുന്നതിനുള്ള അവസരം എല്ലാ അധ്യാപകർക്കും ലഭിക്കണം. എല്ലാ അധ്യാപകർക്കും കൗൺസലിങ് പരിശീലനം ലഭിക്കണം.
- പെൺകുട്ടികൾക്ക് അവരുടെ സവിശേഷ വ്യക്തിത്വം രൂപപ്പെടാനുള്ള അവസരമാണ് സ്കൂളിലുടനീളം ഉണ്ടാവേണ്ടത്.
- പെൺകുട്ടികൾക്ക് ടോയ്ലറ്റ് സൗകര്യങ്ങൾ അത്യാവശ്യമായും ഉണ്ടാവണം. ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ റിഫ്രെഷ്മെന്റ് സൗകര്യം നൽകണം.
- കൗമാരപ്രായത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങൾക്ക് സത്വര ശ്രദ്ധയുണ്ടാവണം.
- സ്കൂളിലെ ലിംഗസമത്വ അന്തരീക്ഷത്തിന് യോജിച്ച വിധത്തിൽ ഗാർഹികാന്തരീക്ഷം മാറുന്നതിനുതകുംവിധം രക്ഷാകർത്തൃ വിദ്യാഭ്യാസം പാഠ്യപദ്ധതി വിനിമയത്തിന്റെ ഭാഗമാക്കണം.
- മതപരവും പ്രാദേശികവുമായ സ്വാധീനത്തിലുള്ള ലിംഗവിവേചനങ്ങളെ അതിജീവിക്കാൻ ഓരോ കുട്ടിയേയും പ്രാപ്തമാക്കുന്നതിന് പാഠ്യപദ്ധതി വിനിമയസന്ദർഭങ്ങൾ ശ്രദ്ധാപൂർവം പ്രയോജനപ്പെടുത്തണം.

# സാമൂഹികവും സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പരിഗണന

നമ്മുടേത് ഒരു ബഹുത്വമുള്ള സമൂഹമാണ് (Plural society). പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിൽകൂടി മാത്രമേ സാമൂഹികനീതി നടപ്പിൽവരുത്താൻ കഴിയൂ. സാമൂഹികവും സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികളുടെ സമഗ്ര വികാസം സാധ്യമാവുന്ന തരത്തിൽ ഇനിയും കേരളത്തിലെ വിദ്യാഭ്യാസരംഗം മാറിയിട്ടില്ല. ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ കഴിയുന്നവർ, തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾ ഇവർക്കൊക്കെ പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ ഇനിയും ഇടം കണ്ടെത്താനായിട്ടില്ല. ഇതിന് നിലനിൽക്കുന്ന ക്ലാസ്മുറിയുടെ ഘടനയിൽ മാറ്റം വരണം.

### നേരിടേണ്ട പ്രശ്നങ്ങൾ

- പല ആദിവാസി മേഖലകളിലും കുട്ടികൾക്ക് പോയിവരാൻ പാകത്തിൽ എൽ.പി, യു.പി വിദ്യാലയങ്ങളില്ല.
- ദാരിദ്ര്യം കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സമാണ്.
- ആദിവാസി-ദളിത് വിഭാഗത്തിലുള്ള രക്ഷിതാക്കളിൽ എല്ലാവർക്കും വിദ്യാഭ്യാസത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് ശരിയായ അവബോധമില്ല.
- ബാലവേല പഠനത്തിന് തടസ്സമാവുന്നു.
- വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാകാലം ലഭിക്കുന്നില്ല
- വീട്ടിലിരുന്ന് പഠിക്കുന്നതിനുള്ള അന്തരീക്ഷത്തിന്റെ അഭാവം
- പിന്നോക്ക വിഭാഗങ്ങൾക്കായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ സൗകര്യക്കുറവ്.
- പല ആദിവാസി സമൂഹങ്ങളുടെയും ഭാഷയ്ക്കനുസരിച്ചുള്ള പഠനസാമഗ്രിയുടെ അഭാവം.

- പ്രാദേശിക സവിശേഷതകൾ, ജീവിതരീതി, തൊഴിൽ സംസ്ക്കാരം, കല, സാഹിത്യം എന്നിവ പോഷിപ്പിക്കപ്പെടാത്ത അവസ്ഥ.
- ചിലവിഭാഗങ്ങളുടെയിടയിൽ ഇന്നും നിലനിൽക്കുന്ന ഉച്ചനീചത്വങ്ങൾ, അന്ധവിശ്വാസം തുടങ്ങിയവ.
- തങ്ങൾ പരമ്പരാഗതമായി ആർജിച്ചും പാലിച്ചും പോന്ന ജീവിത വ്യവസ്ഥയുടെ മേൽ പുതിയ മൂല്യവ്യവസ്ഥയുടെയും മറ്റും കടന്നുകയറ്റം മൂലം വന്നുചേർന്ന അവസ്ഥ.
- ഈ വിഭാഗങ്ങളിലെ കുട്ടികൾ അവരുടെ ജീവിതചുറ്റുപാടിൽ നിന്നാർജിച്ച കഴിവുകൾ (പ്രകൃതിയോടിടപഴകൽ, ജീവിതസന്ധികളെ മറികടക്കാനുള്ള ശേഷി, കൈവേലകൾ) ക്ലാസ്മുറിയിൽ പരിഗണിക്കപ്പെടാത്ത അവസ്ഥ.
- തെറ്റായ വിവേചനാനുഭവങ്ങളാൽ സ്വയം അപകർഷതാബോധത്തിൽ എത്തുന്ന സ്ഥിതി.
- വൈവിധ്യങ്ങളുടെ ഋണപരമായ വ്യാഖ്യാനത്തിൽ സ്വത്വബോധം നഷ്ടപ്പെട്ടു പകച്ചു നില്ക്കുന്ന മാനസികാവസ്ഥ.
- രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ചും വികാസത്തെക്കുറിച്ചുമുള്ള അറിവില്ലായ്മമൂലം കുട്ടികളെ ജീവിത സന്ദർഭങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനായി മാറ്റിനിർത്തുക.
- തൊഴിലിനു പോകുന്നവർ അവരുടെ മക്കളുടെ വിദ്യാഭ്യാസം നിലവിലുള്ള സ്കൂൾനിയമ ത്തിനനുസരിച്ച് ക്രമീകരിക്കുമ്പോൾ വീട്ടിൽ ഏറെ സമയം ആരുമില്ലാതെ കഴിയേണ്ടസ്ഥിതി.
- കുട്ടിക്ക് പഠനസംബന്ധമായി നൽകേണ്ട വൈകാരികമായ സഹായത്തെക്കുറിച്ചുള്ള അറിവി ല്ലായ്മ.

ഇതൊക്കെ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നേട്ടത്തിന് വിഘാതമായ ഘടകങ്ങളാണ്. ക്ലാസ് മുറിയിൽ ഈ ഘടകങ്ങൾ പരിഹരിക്കാനുള്ള ഇടപെടലുകളുണ്ടാകണം. ആദിവാസി-ദ ളിത് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സഹജ പാരമ്പര്യങ്ങളെ വിലമതിക്കുകയും ഉദാത്തീകരി ക്കുകയും വേണം. ഭാഷ, വേഷം, ആചാരങ്ങൾ, തൊഴിലുകൾ, വിശ്വാസങ്ങൾ, പൂജാവിധികൾ, മരുന്നുകൾ, കല, സാഹിത്യം എന്നിങ്ങനെ വിവിധ ഇനങ്ങളായി പാരമ്പര്യത്തെ വർഗീകരിക്കാം. ഇവയാണ് ദളിത് വിഭാഗത്തെ സ്വത്വപരമായി ഒന്നിപ്പിക്കുന്നത്.

- ആദിവാസി വിഭാഗങ്ങൾ ഉപയോഗിക്കുന്ന ഭാഷയിൽ വംശീയ സ്വഭാവം അന്തർലീനമാണ്. അതിലൂടെ ആശയവിനിമയം നടത്തുന്നതിനും പഠനത്തിനുമവസരം വേണം. അതിനു പറ്റിയ പഠനസാമഗ്രികളുണ്ടാവണം.
- വേഷവിധാനം സംസ്ക്കാരത്തിന്റെ സവിശേഷതയാണ്. ഇതിനെ സാംസ്ക്കാരികമായി ഏവരും ഉൾക്കൊള്ളണം.
- പരമ്പരാഗത തൊഴിലുകളെ ഉദാത്തീകരിക്കണം (കുട്ടമെടയൽ, പായ് നെയ്ത്ത്, വനവിഭ വശേഖരണം, കരകൗശലങ്ങൾ, ചിത്രവേലകൾ). ഇതിനുള്ള സന്ദർഭങ്ങൾ പഠനത്തിന്റെ ഭാഗമാക്കണം. ഇത് പ്രാദേശിക വൈവിധ്യം പരിഗണിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കുമുള്ള അനുഭവമാകണം.
- സാഹിത്യം - നാടൻപാട്ടുകൾ, കഥകൾ, മിത്തുകൾ, ഐതിഹ്യങ്ങൾ, നാടൻകലകൾ തുട ങ്ങിയവ ഓരോ വിഭാഗത്തിന്റെയും നാടോടി സാഹിത്യത്തിന്റെ തനതായ ഈടുവയ്പ്പുക ളാണ്. ഇവ ഭാഷാ സാഹിത്യ പഠനങ്ങൾക്ക് പരമാവധി ഉപയോഗിക്കണം.

## അധ്യാപകരുടെ സമീപനം

ഓരോ ജനവിഭാഗങ്ങളുടെ സ്വത്വപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് അതിനെ ആദരിക്കുന്ന മനോഭാവം അധ്യാപകരിൽ ഉണ്ടാവണം. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉയർന്നുവരാനുള്ള ആത്മവിശ്വാസം അധ്യാപകരുടെ സമീപനത്തിൽ നിന്ന് ലഭ്യമാവണം. തുല്യനീതിയെ സംബന്ധിച്ച ശാസ്ത്രീയമായ കാഴ്ചപ്പാട് അധ്യാപകന് ഒഴിച്ചുകൂടാത്തതാണ്.

കുട്ടികളിലെ സ്വാഭിമാനത്തിനും സ്വാശ്രയത്വത്തിനും ഊന്നൽ നൽകണം. സ്വന്തം സംസ്ക്കാരത്തെ തിരിച്ചറിയുകയും ബഹുമാനിക്കുകയും അവയുടെ സംരക്ഷണത്തിൽ താല്പര്യം ജനിക്കുകയും ആവശ്യമാണ്. പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹീകരണ പ്രക്രിയയെ ത്വരിതപ്പെടുത്തുകയെന്നതും വിദ്യാഭ്യാസത്തിന്റെ ആവശ്യമാണ്. വിദ്യാഭ്യാസം നേടുന്ന വ്യക്തികൾ നേതൃത്വ നിരയിലേക്കും അധികാര ഘടനയിലേക്കും കടന്നുവരണം.

**ഉൾക്കൊള്ളൽ നയം**

*എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ വ്യവസ്ഥയിൽ ആകെത്തന്നെ എല്ലാവരെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു നയം നടപ്പാക്കണം. സ്കൂളിലും പുറത്തുമുള്ള എല്ലാ ജീവിതമണ്ഡലങ്ങളിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. സ്കൂളുകൾ കുട്ടികളെ ഭാവിജീവിതത്തിനായി തയാറാക്കുന്ന ഇടങ്ങളാണ്. വ്യത്യസ്ത ശേഷികളോടുകൂടിയ കുട്ടികളുണ്ട്. പ്രാന്തവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുവരുന്ന കുട്ടികളുണ്ട്, ദുരിതം നിറഞ്ഞ സാഹചര്യങ്ങളിൽ നിന്നു വരുന്ന കുട്ടികളുണ്ട്. അവർക്കെല്ലാം പരമാവധി നേട്ടമുണ്ടാക്കുന്ന ഒരു ഇരിപ്പിടമായിരിക്കണം സ്കൂൾ. തങ്ങളുടെ സവിശേഷമായ കഴിവുകൾ പ്രകടിപ്പിക്കാനും സമവയസ്ക്കരുമായി അവ പങ്കിടാനുമുള്ള സന്ദർഭങ്ങൾ കുട്ടികൾക്ക് ഏറെ ഉത്സാഹവും പങ്കാളിത്തവും നൽകുന്നു. നമ്മുടെ സ്കൂളുകളിൽ ഒരേ കുട്ടികളെത്തന്നെ വീണ്ടും വീണ്ടും തിരഞ്ഞെടുക്കുന്ന പ്രവണത കാണാം. ഈ അവസരങ്ങളിൽനിന്ന് ആ ചെറിയ ഗ്രൂപ്പിന് നേട്ടമുണ്ടാകുന്നുണ്ട്. അവരുടെ ആത്മവിശ്വാസം കൂടുന്നു. അവരുടെ ദൃഢത വർധിക്കുന്നു. എന്നാൽ മറ്റു കുട്ടികൾ ആവർത്തിച്ചാവർത്തിച്ച് നിരാശപ്പെടുത്തുന്നു. സ്കൂളിലുള്ള കാലമത്രയും പൊതു അംഗീകാരത്തിനും കൂട്ടുകാരുടെ അംഗീകാരത്തിനുമായി ദാഹിക്കുന്നു. മേന്മയും കഴിവുകളും എടുത്തുകാട്ടി പ്രോത്സാഹിപ്പിക്കാം. അതേസമയം എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുകതന്നെ വേണം. അവരോരുത്തരുടെയും സവിശേഷമായ കഴിവുകൾ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം.*

*വൈകല്യങ്ങൾ ഉള്ള കുട്ടികളും ഇതിൽപ്പെടുന്നു. നിർദിഷ്ട പ്രവർത്തനങ്ങൾ ചെയ്തുതീർക്കാൻ അവർക്ക് കൂടുതൽ സമയം വേണ്ടിവന്നേക്കും. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ക്ലാസിലെ എല്ലാ കുട്ടികളുമായി അവ ചർച്ചചെയുകയും ഓരോ കുട്ടിക്കും അതിലേക്ക് സംഭാവന നൽകാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധ നൽകണം. അധ്യാപകർ എന്ന നിലയ്ക്കുള്ള അവരുടെ മേന്മയുടെ ഒരു അളവുകോൽ ആയിരിക്കും ഇത്.*

*NCF - 2005*

നിരന്തരമായ ശാക്തീകരണത്തിന് സ്കൂൾ പാഠ്യപദ്ധതിയിൽ വ്യവസ്ഥവേണം. വിദ്യാഭ്യാസ ലക്ഷ്യം നേടുന്നതുവരെ ഓരോ കുട്ടിയേയും നയിച്ചുകൊണ്ടുപോകാൻ കഴിയണം.

വിദ്യാലയത്തെ മറ്റൊരു ഗൃഹമായി അനുഭവപ്പെടാൻ തക്ക അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. സ്വാഭാവികമായി ഇടപഴകാനുള്ള, തുല്യതയിൽ പ്രവർത്തിക്കുന്നതിനുതകുന്ന സംസ്ക്കാരം സ്കൂളിൽ സൃഷ്ടിക്കപ്പെടണം.

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ പരിപാടിയിലെ മുഖ്യ ഊന്നലുകളിൽ ഒന്ന് മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യം പൂർണമായും സാക്ഷാത്കരിക്കുവാൻ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളോ പരിമിതികളോ അനുഭവിക്കുന്ന എല്ലാ വിഭാഗം കുട്ടികളെയും സ്കൂളിലെത്തിക്കണം. ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ എത്തിക്കാൻ സങ്കലിത വിദ്യാഭ്യാസം (Inclusive Education) കേരളത്തിലും നടപ്പിലാക്കേണ്ടതുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് അവരുടെ സഹപാഠികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ജനപ്രതിനിധികളെയും സമൂഹത്തെയും ഇതിന്റെ പ്രസക്തി ബോധ്യപ്പെടുത്തേണ്ടതുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും വ്യക്തിവികാസത്തിനും സമൂഹത്തിൽ പങ്കാളികളാകാനും പറ്റിയ അവസരങ്ങൾ അവർക്കുവേണ്ടി ഒരുക്കണം. ഇത്തരം കുട്ടികളുടെ വ്യക്തിത്വവും നൈപുണികളും പരമാവധി വികസിപ്പിക്കുന്നതോടൊപ്പം ഇവരെ സമൂഹത്തിൽ നിന്നും വേർതിരിച്ചു കാണരുതെന്നും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF - 2005) നിർദേശിക്കുന്നു.

പരിമിതികളുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട്. അവർക്ക് സാമൂഹിക നീതി ഉറപ്പാക്കണം. ആരോഗ്യപരിരക്ഷയ്ക്കും, ജോലി ചെയ്യുവാനും കുടുംബ ജീവിതത്തിനുമുള്ള അവസരം ഒരുക്കണം. പൊതു വിദ്യാലയങ്ങളിൽ യാതൊരു ഉപാധിയുമില്ലാതെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും ചേർക്കണം. ഇതിൽ ശാരീരികമോ വൈകാരികമോ സാമൂഹ്യമോ ഭാഷാപരമോ ആയ യാതൊരു വിവേചനവും പാടില്ല.

പ്രത്യേക ശ്രദ്ധ അർഹിക്കുന്ന കുട്ടികൾക്ക് ഗവൺമെന്റ് പ്രൈവറ്റ് വ്യത്യാസമില്ലാതെ തൊട്ടടുത്തുള്ള സ്കൂളിൽ തന്നെ പ്രവേശനം നൽകേണ്ടതുണ്ട്. സ്കൂൾ പഠനം നിർത്തിയവരെയും യുവാക്കളെയും വിദ്യാഭ്യാസത്തിന്റെ പരിധിയിലെത്തിക്കണം. സാക്ഷരതാ മിഷനുമായി ചേർന്ന് ഇവർക്കായുള്ള വിദ്യാഭ്യാസപരമായ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കണം.

ബധിരരായ കുട്ടികൾക്കുവേണ്ടി പ്രീ-സ്കൂൾ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ബധിരരായ കുട്ടികൾ ഭാഷ സ്വാംശീകരിക്കുന്നതിലും പ്രകടിപ്പിക്കുന്നതിലും പ്രയാസം നേരിടുന്നതിനാൽ ഇവരുടെ പ്രീ-സ്കൂൾ പഠനം മൂന്നു വർഷത്തേതായി മാറ്റേണ്ടതുണ്ട്.

എവിടെയെല്ലാം വിദ്യാഭ്യാസത്തിനു സൗകര്യമുണ്ടോ അവിടെയെല്ലാം ഒന്നിച്ചിരുന്ന് പഠനം നടക്കണം. എല്ലാവരെയും ഉൾപ്പെടുത്തി പഠനം നടക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ നഷ്ടപ്പെടരുത്. കൂടാതെ പാഠ്യപദ്ധതി, സ്കൂളിന്റെ സംഘാടനം, പഠനബോധന തന്ത്രങ്ങൾ, വിഭവ ഉപയോഗം എന്നിവയിൽ സമൂഹത്തിന്റെ സഹകരണം ഉറപ്പാക്കണം.